പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1775 — 07.03.2018 ൽ മറുപടിക്ക്

## സി.എച്ച്.സി-കളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സി.എച്ച്.സി - കളിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ കഴിയാത്ത സാങ്കേതികമായ എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോ; | (എ)<br>&<br>(ബി) | 02.08.1961 ലെ ജി.ഒ. (ആർ.ടി.) നം.3150/61/ആ.കു.വ പ്രകാരം സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി.വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനു ശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനു ശേഷം 2008-ൽ സ്റ്റാന്റഡൈസേഷന്റെ ഭാഗമായി 06.11.2008-ലെ ജി.ഒ. (എം.എസ്) നം.568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ലെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ മാത്രം ഇതിനോടകം 1721 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പല സി.എച്ച്.സികളിലും ആവശ്യത്തിലേറെ സൗകര്യങ്ങൾ ഉണ്ടായിട്ടും കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയാത്തത് സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകളിൽ നിയമനം നടത്താൻ കഴിയാത്തത് കൊണ്ടാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ